# അയ്യങ്കാളിയുടെ പോരാട്ടങ്ങൾ അവിസ്മരണീയം

ജോസ് കെ.മാണി എം.പി.

ദളിത് ജനവിഭാഗങ്ങൾക്ക് തുല്യനീതി ഉറപ്പുവരുത്തുന്നതിനും സാമൂഹ്യമായും സാംസ്കാരികമായും ഉദ്ധരിക്കുന്നതിനും അയ്യങ്കാളി നടത്തിയ പോരാട്ടങ്ങൾ അവിസ്മരണീയങ്ങളാണെന്ന് ജോസ് കെ. മാണി എം.പി. അഭിപ്രായപ്പെട്ടു.

കേരളാ ദളിത് ഫ്രണ്ട് (എം) പാലാ നിയോജക മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച അയ്യൻകാളി അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പൊതുസ്ഥലങ്ങളിലും ആരാധനാലയങ്ങളിലും വിദ്യാലയങ്ങളിലും പൊതുനിരത്തുകളിൽ പോലും ഭ്രഷ്ട് കല്പിക്കപ്പെട്ട ജനവിഭാഗത്തിന് തുല്യ സ്വാതന്ത്ര്യവും നീതിയും ഉറപ്പുവരുത്തിയ ആ വീരോചിത പോരാട്ടം ചരിത്രത്തിന്റെ താളുകളിൽ ലബ്ധപ്രതിഷ്ഠിതമാണെന്നും ജോസ് കെ.മാണി പറഞ്ഞു.

ദളിത് ഫ്രണ്ട് (എം) പാലാ നിയോജകമണ്ഡലം പ്രസിഡണ്ട് സിബി അഗസ്റ്റിൻ കട്ടകത്ത് അധ്യക്ഷത വഹിച്ചു. കേരളാ കോൺഗ്രസ് (എം) കോട്ടയം ജില്ലാ പ്രസിഡണ്ട് ഇ.ജെ.അഗസ്തി, ബേബി ഉഴുത്തുവാൽ, കെ.ജെ. ഫിലിപ്പ് കുഴികുളം, രാമചന്ദ്രൻ അള്ളുംപുറം, സജി മഞ്ഞക്കടമ്പിൽ, റാണി ജോസ്, സഖറിയാസ് വലവൂർ, മണി കളപ്പുരയ്ക്കൽ, ജെറി കുര്യൻ പുത്തൻപുരയ്ക്കൽ, സി.ജെ.ജോസഫ് ചെമ്പനാനിക്കൽ, കെ.പി.പീറ്റർ, ബാബു എറയണ്ണൂർ, രാമചന്ദ്രൻ നെടുമല, ദേവസ്യ ഇളംതോട്ടം, ചന്ദ്രൻ കല്ലിടുക്കിയിൽ, വി.സി. ദേവസ്യ തൊടുകയിൽ, സുധീഷ്കുമാർ കെ.ആർ, അജി മണ്ണാട്ടിക്കാവിൽ, അഗസ്തി പുത്തൻപുരയ്ക്കൽ എന്നിവർ പ്രസംഗിച്ചു.

തെരഞ്ഞെടുക്കപ്പെട്ട മികച്ച വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകളും ജോസ് കെ.മാണി സമ്മാനിച്ചു.



*കേരളാ ദളിത് ഫ്രണ്ട് (എം) പാലാ നിയോജകമണ്ഡലം കമ്മിറ്റിയുടെ അയ്യങ്കാളി അനുസ്മരണ യോഗത്തിൽ, മികച്ച വിദ്യാർത്ഥികളായി തിരഞ്ഞെടുക്കപ്പെട്ടവർക്ക് ക്യാഷ് അവാർഡ് ജോസ് കെ. മാണി എം.പി. വിതരണം ചെയ്യുന്നു. ഇ.ജെ.അഗസ്തി, ബേബി ഉഴുത്തുവാൽ, കെ.ജെ. ഫിലിപ്പ് കുഴികുളം, രാമചന്ദ്രൻ അള്ളുംപുറം, റാണി ജോസ് എന്നിവർ സമീപം.*

---

**ഗണിതശാസ്ത്രത്തിലെ പ്രതിഭാശാലികൾ**

പള്ളിയറ ശ്രീധരൻ

# ഗോട്ട് ഫ്രീഡ് വില്യം ലൈബ്നിസ് (1646–1716)

**പത്തു മനുഷ്യനായ ഒരു മനുഷ്യൻ എന്ന് ദാവിഞ്ചിയെ വിശേഷിപ്പിക്കാറുണ്ട്. ചിത്രരചന, ശില്പനിർമാണം തുടങ്ങി പത്തു മേഖലകളിൽ പ്രശസ്തനായതുകൊണ്ടാണ് ഈയൊരു വിശേഷണത്തിന് ദാവിഞ്ചി അർഹനായത്. ഏതാണ്ട് ഇത്തരമൊരു വിശേഷണം ലൈബ്നിസിനും നല്കാം. തത്വശാസ്ത്രം, ഗണിതശാസ്ത്രം, മതപ്രചാരണം, ഉപദേഷ്ടാവ്, ലൈബ്രേറിയൻ തുടങ്ങി അനേകം മേഖലകളിൽ സ്വന്തമായ വ്യക്തിത്വം സ്ഥാപിക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു.**

ജർമനിയിലെ ലീപ്സിഗ് നഗരത്തിൽ 1646 ജൂലൈ ഒന്നാം തീയതി ഗോട്ട്ഫ്രീഡ് വില്യം വോൺ ലൈബ്നിസ് ഒരു പ്രൊഫസറുടെ മകനായി ജനിച്ചു. ആറാമത്തെ വയസ്സിൽ പിതാവ് അന്തരിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തോടൊപ്പം തന്നെ വീട്ടിലെ ഗ്രന്ഥശേഖരം ഉപയോഗിച്ച് കൂടുതൽ വിജ്ഞാനം ലൈബ്നിസ് നേടി. കാരണം സ്കൂളിലെ വിദ്യാഭ്യാസം ലൈബ്നിസിനെ തൃപ്തിപ്പെടുത്തിയിരുന്നില്ല.

പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം നിയമപഠനത്തിനുവേണ്ടി ലീപ്സീഗ് സർവകലാശാലയിൽ ചേർന്നു. നിയമത്തോടൊപ്പം തത്വശാസ്ത്രവും ഗണിതവും പഠിച്ചു. ഇരുപതാമത്തെ വയസ്സിൽ ബിരുദത്തിനുവേണ്ടിയുള്ള പ്രബന്ധം സർവകലാശാലക്ക് സമർപ്പിച്ചു. അസൂയാലുക്കളായ സർവകലാശാലാ അധികൃതർ പ്രായക്കുറവ് ആരോപിച്ച് ലൈബ്നിസിന് ബിരുദം നിഷേധിച്ചു. ഈ അനീതിക്കെതിരെ അമർഷം രേഖപ്പെടുത്തിഅദ്ദേഹം ലീപ്സീഗ് സർവകലാശാലയിൽ നിന്നും വിടവാങ്ങി, ന്യൂറംബർഗിലേക്ക് പോയി.

ന്യൂറംബർഗ് സർവകലാശാല അദ്ദേഹത്തിന് ഉടനെതന്നെ ഡോക്ടറേറ്റ് ബിരുദം നല്കുകയും പ്രൊഫസറായി ജോലിയിൽ പ്രവേശിക്കുവാൻ അപേക്ഷിക്കുകയും ചെയ്തു. പക്ഷേ, അദ്ദേഹം ആ ജോലി സ്വീകരിക്കാതെ ഒരു നയതന്ത്രപ്രതിനിധിയായി പാരീസിലേക്കു പോയി. അക്കാലത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിജ്ഞാന കേന്ദ്രം എന്ന നിലയിൽ പഠനത്തിനുള്ള സൗകര്യം മാനിച്ചാണ് ഇങ്ങനെയൊരു തീരുമാനമെടുത്തത്. വളരെ പ്രശസ്തരായ പണ്ഡിതന്മാരുമായി പരിചയപ്പെടാനും അവരോടൊപ്പം ഗവേഷണത്തിൽ പങ്കാളിയാകുവാനും ലൈബ്നിസിന് അദ്ദേഹത്തിന് അവസരം ലഭിച്ചു. ഇങ്ങനെ പരിചയപ്പെട്ടവരിൽ ഏറ്റവും പ്രധാനി ഹ്വീഗെൻസ് ആയിരുന്നു. അതുവരെ ലൈബ്നിസിന് ആധുനിക ഗണിതശാസ്ത്രത്തെപ്പറ്റി വലിയ അറിവ് ഉണ്ടായിരുന്നില്ല.

ദെക്കാർത്തെയും ഫെർമയും അപൂർണമായി രൂപപ്പെടുത്തിയ ചില ആശയങ്ങൾ ലൈബ്നിസിന്റെ ശ്രദ്ധയിൽപെട്ടു. ഹ്വീഗെൻസിന്റെ സഹായത്തോടെ നടത്തിയ ഗവേഷണങ്ങളുടെ ഫലമായി കലനശാസ്ത്രത്തിന്റെ തത്വങ്ങൾ അദ്ദേഹം കണ്ടെത്തുകയുണ്ടായി. പാസ്കൽ കണ്ടുപിടിച്ച കണക്കുകൂട്ടൽ യന്ത്രത്തിന് സങ്കലനവും വ്യവകലനവും മാത്രമേ ചെയ്യാൻ സാധിച്ചിരുന്നുള്ളൂ. ഗുണനം, ഹരണം, വർഗമൂലം എന്നിവ കൂടി കാണാൻ സാധിക്കുന്ന ഒരു കണക്കുകൂട്ടൽ യന്ത്രവും ലൈബ്നിസ് നിർമിക്കുകയുണ്ടായി. ലണ്ടനിൽ താമസിക്കുന്നതിനിടയിൽ റോയൽ സൊസൈറ്റിയുടെ യോഗത്തിൽ പങ്കെടുക്കുകയും താൻ കണ്ടുപിടിച്ച കണക്കുകൂട്ടൽ യന്ത്രം



*ഗോട്ട് ഫ്രീഡ് വില്യം ലൈബ്നിസ്*

പ്രദർശിപ്പിക്കുകയും ചെയ്തു. ഇതിന്റെയും മറ്റു പ്രവർത്തനങ്ങളുടെയും അംഗീകാരമായി ലൈബ്നിസിനെ സൊസൈറ്റിയുടെ അംഗമായി തെരഞ്ഞെടുത്തു.

ഹ്വീഗെൻസിന്റെ നിർദേശപ്രകാരം ലൈബ്നിസ് ഗണിതഗവേഷണങ്ങളിൽ മുഴുകി. 1676ൽ ബ്രന്റ്സ്വിക്ക് പ്രഭുവിന്റെ കീഴിൽ സേവനമനുഷ്ഠിക്കാൻ ഹാനോവറിൽ പോകുന്നതിനു മുമ്പുതന്നെ കാൽക്കുലസിനെപ്പറ്റിയുള്ള ഗവേഷണം അദ്ദേഹം പൂർത്തിയാക്കിയിരുന്നു. ഇക്കാലത്തുതന്നെ സർ ഐസക് ന്യൂട്ടൺ കലനശാസ്ത്രത്തെപ്പറ്റി മൗലികമായ കണ്ടുപിടുത്തങ്ങൾ നടത്തുകയുണ്ടായി. ഒടുവിൽ കാൽക്കുലസ് ആദ്യമായി കണ്ടെത്തിയത് ആര് എന്ന കാര്യത്തിൽ വലിയ വാദകോലാഹലങ്ങൾ രൂപപ്പെട്ടു.

ഗണിതഗവേഷണം നടത്തുന്നതിനിടയിൽ മതപ്രവർത്തനം നടത്താനും അദ്ദേഹം സമയം കണ്ടെത്തിയിരുന്നു. ബ്രന്റ്സ്വിക്ക് പ്രഭുവിന്റെ ഉപദേഷ്ടാവും ലൈബ്രേറിയനുമായി നിയമിതനായ ലൈബ്നിസിന് നല്ല സ്വാധീനശക്തിയുണ്ടായിരുന്നു. കത്തോലിക്കാ മതത്തിൽ അടിയുറച്ച് വിശ്വസിച്ചിരുന്ന തന്റെ സഭയും പ്രൊട്ടസ്റ്റന്റ് സഭയും തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കാൻ ലൈബ്നീസ് പരിശ്രമിച്ചിരുന്നു. ജർമനിയെ ഏകീകരിക്കുകയും ചൈനീസ് ചക്രവർത്തിയെ മാനസാന്തരപ്പെടുത്തുകയും ചെയ്യുക എന്നത് അദ്ദേഹത്തിന്റെ ലക്ഷ്യങ്ങളായിരുന്നു.

ഒന്നുമില്ലായ്മയിൽ നിന്ന് ദൈവം എല്ലാം സൃഷ്ടിച്ചുവെന്ന മതപരമായ ഒരു വിശ്വാസത്തിന് ഗണിതശാസ്ത്രപരമായ ഒരു തെളിവ് ലൈബ്നിസ് നല്കുകയുണ്ടായി. അതിങ്ങനെയായിരുന്നു: ഒന്നുമില്ലായ്മയെ പൂജ്യം കൊണ്ടും ദൈവത്തെ 1 കൊണ്ടും പ്രതിനിധീകരിക്കുന്നുവെന്നിരിക്കട്ടെ. നാം ഉപയോഗിക്കുന്ന എല്ലാ സംഖ്യകളെയും 0,1 എന്നീ രണ്ട് അക്കങ്ങൾ കൊണ്ടു മാത്രം രേഖപ്പെടുത്താം. ഈ സംഖ്യാസമ്പ്രദായം ബൈനറി സംഖ്യാസമ്പ്രദായം എന്നറിയപ്പെടുന്നു. സംഖ്യകൾ അനന്തമായതിനാൽ 0,1 എന്നീ അക്കങ്ങളുപയോഗിച്ച് അനന്തമായ സംഖ്യകളെ രേഖപ്പെടുത്താം. അതുകൊണ്ടുതന്നെ ഒന്നുമില്ലായ്മയിൽ നിന്ന് ദൈവത്തിന് എല്ലാം സൃഷ്ടിക്കാമെന്ന് അദ്ദേഹം സമർത്ഥിച്ചു. ഗണിതശാസ്ത്രപരമായ ഒരു കണ്ടുപിടുത്തമായല്ല മറിച്ച് ചൈനീസ് ചക്രവർത്തിക്ക് ആശയം വിശദീകരിച്ചുകൊടുക്കാനാണ് ഇത് അദ്ദേഹം ഉപയോഗിച്ചത്.

പത്തു മനുഷ്യനായ ഒരു മനുഷ്യൻ എന്ന് ദാവിഞ്ചിയെ വിശേഷിപ്പിക്കാറുണ്ട്. ചിത്രരചന, ശില്പനിർമാണം തുടങ്ങി പത്തു മേഖലകളിൽ പ്രശസ്തനായതുകൊണ്ടാണ് ഈയൊരു വിശേഷണത്തിന് ദാവിഞ്ചി അർഹനായത്. ഏതാണ്ട് ഇത്തരമൊരു വിശേഷണം ലൈബ്നിസിനും നല്കാം. തത്വശാസ്ത്രം, ഗണിതശാസ്ത്രം, മതപ്രചാരണം, ഉപദേഷ്ടാവ്, ലൈബ്രേറിയൻ തുടങ്ങി അനേകം മേഖലകളിൽ സ്വന്തമായ വ്യക്തിത്വം സ്ഥാപിക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു.

1682ൽ ഓട്ടോമെൻകെ എന്ന ഒരു സുഹൃത്തുമായി സഹകരിച്ച് അദ്ദേഹം ഒരു ഗണിതശാസ്ത്ര പ്രസിദ്ധീകരണം ആരംഭിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ കാൽക്കുലസ് സംബന്ധമായ പ്രധാനപ്പെട്ട ലേഖനങ്ങളെല്ലാം പ്രസിദ്ധീകരിച്ചത് ഈ പ്രസിദ്ധീകരണത്തിലായിരുന്നു. പത്തുവർഷത്തോളം ഈ പ്രസിദ്ധീകരണത്തിന്റെ പ്രസാധകനായി അദ്ദേഹം പ്രവർത്തിച്ചിരുന്നു. പ്രതിഭാശാലികളായ ഗണിതശാസ്ത്രജ്ഞന്മാരുടെ ധാരാളം ലേഖനങ്ങൾ ഇതിൽ പ്രസിദ്ധീകരിക്കപ്പെട്ടതിനാൽ നല്ല പ്രചാരവും ലഭിച്ചു.

ചില ശാസ്ത്രസംഘടനകൾക്ക് രൂപം നല്കാനും അദ്ദേഹം മുൻകൈയെടുത്തു പ്രവർത്തിച്ചു. ഡ്രെഡ്സൻ, വിയന്നാ, സെന്റ് പീറ്റേഴ്സ്ബർഗ് തുടങ്ങിയ സ്ഥലങ്ങളിൽ ഇദ്ദേഹത്തിന്റെ ശ്രമഫലമായി സയൻസ് അക്കാദമികൾ രൂപീകരിക്കപ്പെട്ടു.

ഗണിതശാസ്ത്രത്തിന് സാർവലൗകികമായ ഒരു ഭാഷ രൂപപ്പെടുത്തുന്നതിനും അദ്ദേഹം പരിശ്രമിച്ചിരുന്നു. +,-, x, എന്നീ ഗണിതചിഹ്നങ്ങൾ ഇന്ന് മിക്കവാറും എല്ലാ ഭാഷക്കാരും ഉപയോഗിക്കുന്നുണ്ട്. ഈ ചിഹ്നങ്ങൾ ഭാഷകൾക്ക് അതീതമാണെന്ന് പറയാം. ഇങ്ങനെ ഭാഷകൾക്ക് അതീതമായ കുറെ പ്രതീകങ്ങൾ ഉപയോഗിച്ച് എല്ലാ ഭാഷക്കാർക്കും എല്ലാ ദേശക്കാർക്കും എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കത്തക്കവിധത്തിൽ ഒരു ഗണിതഭാഷ രൂപപ്പെടുത്തുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ഈ രംഗത്ത് കുറച്ചു കാര്യങ്ങൾ ചെയ്യാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. സിമ്പോളിക് ലോജിക് എന്ന പുതിയ ഒരു അങ്കന സമ്പ്രദായത്തിന് തുടക്കം കുറിക്കാനും ലൈബ്നിസിന് സാധിച്ചു.

ലൈബ്നിസ് കാഴ്ചയിലും അസാധാരണക്കാരനായിരുന്നു. തോളുകവിഞ്ഞ് ഇടതൂർന്നു കിടക്കുന്ന മുടിച്ചുരുളുകളും വലിയ നെറ്റിയും നീണ്ടുരുണ്ട ഭംഗിയുള്ള മൂക്കും ഗൗരവം സ്ഫുരിക്കുന്ന മുഖവും ഒരു അസാധാരണക്കാരന്റെ പരിവേഷം അദ്ദേഹത്തിനു നല്കിയിരുന്നു. ലൈബ്നിസിന്റെ രാഷ്ട്രീയ സ്വാധീനം പില്ക്കാലത്ത് നിരവധി ശത്രുക്കളെയും അദ്ദേഹത്തിനു സമ്പാദിച്ചു കൊടുത്തു. കലനശാസ്ത്രത്തിന്റെ പിതൃത്വത്തെപ്പറ്റിയുള്ള വാദപ്രതിവാദങ്ങളും അദ്ദേഹത്തിന്റെ സ്വസ്ഥത നശിപ്പിക്കുകയുണ്ടായി. അവസാനകാലത്ത് എല്ലാവരാലും അവഗണിക്കപ്പെട്ട് നിരാശനായാണ് അദ്ദേഹം ദിവസങ്ങൾ തള്ളിനീക്കിയത്. പഠനമുറിയിൽവച്ച് 1716ൽ എഴുപതാം വയസ്സിൽ ലൈബ്നിസ് അന്തരിച്ചു.

*

CYAN MAGENTA YELLOW BLACK

ജർമൻഡയറി

ജോർജ് കുറ്റിക്കാട്ട്

# ജർമനിയിലെ കലാലയങ്ങൾ

**ജർമനിയിലെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ആരംഭം മധ്യകാലഘട്ടത്തിൽ തുടങ്ങുന്നതാണ്. ആദ്യകാലങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം ക്രിസ്ത്യൻ പുരോഹിതരാകുവാനുള്ള പരിശീലനം നല്കുവാനാണ് ഉപയോഗിച്ചിരുന്നത്. ആശ്രമങ്ങളിലും അതിനോടു ബന്ധപ്പെട്ട ലത്തീൻ ഭാഷാ സ്കൂളുകളിലും രാജകുടുംബങ്ങളിലെയും, പിന്നീട് സാവധാനം സമൂഹത്തിലെ ഉയർന്ന തട്ടുകളിലുള്ള കുടുംബങ്ങളിലെയും കുട്ടികൾക്കാണ് പ്രവേശനം അനുവദിച്ചിരുന്നത്.**

ജർമനിയിൽ മൂന്നു വയസ്സ് മുതൽ ആറുവയസ്സുവരെയുള്ള ഓരോ കുട്ടിക്കും കിന്റർഗാർട്ടനിൽ പ്രവേശത്തിനുള്ള നിയമപരമായ അവകാശം ലഭിച്ചത് 1996 ഓഗസ്റ്റ് ഒന്നാം തിയതി മുതലാണ്.

അരിസ്റ്റോക്രസിയുടെ പതനത്തിലും നെപ്പോളിയൻ ചക്രവർത്തിയുടെ ഏകാധിപത്യത്തിലും അമർന്നു കഴിഞ്ഞ, സ്വയം കണ്ടെത്തലുകളും നിരീക്ഷണ സ്വഭാവവും കൈമുതലാക്കിയിരുന്ന ഒരു ജനതയുടെ ജീവാത്മാവിൽ നിറഞ്ഞു പതഞ്ഞുവന്ന ഒരു ആശയവും ഒരു പുതിയ ആത്മവിശ്വാസവുമായിരുന്നു കിന്റർഗാർട്ടന്റെ അടിസ്ഥാനം. ജർമനിയിലെ ത്യൂറിൻഗനിലുള്ള ഓബർവൈസ്ബാഹ് എന്ന ഗ്രാമത്തിൽ ജനിച്ച ഫ്രീഡ്രിഷ് ഫ്രോയ്ബൽസ് എന്ന പ്രശസ്തചിന്തകന്റെ അടിസ്ഥാന ആശയം.

കിന്റർഗാർട്ടനെന്ന് ഇവിടെ ഉദ്ദേശിക്കുന്നത് ഒരു കുട്ടിക്ക് മൂന്നുവയസ്സ് മുതൽ, നിയമാനുസൃതമായി സ്കൂൾ പ്രവേശനം ലഭിക്കുന്ന ആറു വയസ്സുവരെ, വിദ്യാഭ്യാസ സംബന്ധമായ ശിക്ഷണവും പരിരക്ഷണവും നല്കുന്ന സ്ഥലത്തെയാണ്.

ജർമനിയിലെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ആരംഭം മധ്യകാലഘട്ടത്തിൽ തുടങ്ങുന്നതാണ്. ആദ്യകാലങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം ക്രിസ്ത്യൻ പുരോഹിതരാകുവാനുള്ള പരിശീലനം നല്കുവാനാണ് ഉപയോഗിച്ചിരുന്നത്. ആശ്രമങ്ങളിലും അതിനോടു ബന്ധപ്പെട്ട ലത്തീൻ ഭാഷാ സ്കൂളുകളിലും രാജകുടുംബങ്ങളിലെയും, പിന്നീട് സാവധാനം സമൂഹത്തിലെ ഉയർന്ന തട്ടുകളിലുള്ള കുടുംബങ്ങളിലെയും കുട്ടികൾക്കാണ് പ്രവേശനം അനുവദിച്ചിരുന്നത്.

അതേസമയം, സാധാരണ ജർമൻ കുടുംബങ്ങളിലെ ഏറെ കുട്ടികൾക്കും അക്കാലത്ത് നിലവിലിരുന്ന പ്രത്യേക "തൊഴിൽ പരിശീലന സംഘ"ത്തിന്റെ കീഴിൽ വിദഗ്ധന്മാർ കൈത്തൊഴിലുകളിൽ പരിശീലനം നല്കിയിരുന്നു. ഈ സമ്പ്രദായം, ജർമനിയിൽ ഇന്നു നിലവിലിരിക്കുന്ന തൊഴിൽ വിദ്യാ പരിശീലന സ്കൂളുകളുടെ ആദ്യകാല രൂപമായിരുന്നു.

എന്നാൽ പ്രഭുവംശജരും രാജവംശജരും തങ്ങളുടെ കുട്ടികൾക്ക് അവരുടെ സ്വന്തമായ പാരമ്പര്യവും പദവികളും നഷ്ടപ്പെടുത്താതെ വ്യക്തിഗതവും നിയന്ത്രിതവുമായ പ്രത്യേക ശിക്ഷണം നല്കിയിരുന്നു.

മധ്യയുഗകാലത്തു തന്നെ ഉന്നതവിദ്യാഭ്യാസ സൗകര്യങ്ങൾ ജർമനിയിലും പ്രാഗിലും വിയന്നയിലും ഉണ്ടായിരുന്നുവെന്നു കാണാം. അതിനൊരു ഉദാഹരണമാണ്, 1386ൽ ജർമനിയിലെ ഹൈഡൽബർഗ് നഗരത്തിൽ സ്ഥാപിതമായ റൂപ്രെഹ്ട്-കാൾസ് സർവകലാശാല.

പൊതുവിദ്യാഭ്യാസരംഗത്ത് കലാലയങ്ങളിലെ പാഠ്യപദ്ധതികളിലും വിദ്യാഭ്യാസരീതികളിലും വ്യാപകമായ പരിവർത്തനങ്ങളും പരീക്ഷണങ്ങളും ആരംഭിക്കുന്നത് മധ്യകാലഘട്ടത്തിന്റെ അവസാന നാളുകളിലാണ്. അതായത്, ക്രിസ്ത്യൻ സഭാ പരിഷ്ക്കരണ കാലത്ത്. നവീനയുഗത്തിന്റെ പിറവിക്കാലമായും ഈ ഘട്ടത്തെ കരുതാം. കാരണം, അക്കാലത്ത് സമൂഹത്തിലുണ്ടായ സ്ഫോടനാത്മകമായ സ്വതന്ത്ര ചിന്താശൈലി (പതിനാറാം നൂറ്റാണ്ട് കാലഘട്ടം)യും സാമൂഹ്യപരിവർത്തന പ്രക്രിയകളും വിദ്യാഭ്യാസ മണ്ഡലത്തിലെ വിപ്ലവകരമായ പരിവർത്തനങ്ങൾക്ക് സാക്ഷ്യം വഹിച്ചു.



ഫ്രീഡ്രിഷ് ഫ്രോയ്ബൽസ്



മാർട്ടിൻ ലൂതർ കിംഗ്

അഗസ്തീനിയൻ സഭാസന്യാസിയായിരുന്ന മാർട്ടിൻ ലൂതറിന്റെ (1483-1546) കീഴിൽ പ്രൊട്ടസ്റ്റന്റ് സഭാ സ്കൂളുകളിൽ കുട്ടികളെ പ്രൊട്ടെസ്റ്റന്റ് ബൈബിൾ പഠിപ്പിക്കുവാൻ പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തി. ഇതുപോലെ തന്നെ ജർമനിയിൽ അന്നുണ്ടായിരുന്ന ഭദ്രാസനപ്പള്ളികളോടും ആശ്രമങ്ങളോടും ചേർന്നു സ്കൂളുകളും, ഇടവകപ്പള്ളികളുടെ മേല്നോട്ടത്തിൽ സ്വകാര്യസ്കൂളുകളും ഗ്രാമസഭകളുടെയും നഗരസഭകളുടെയും മേല്നോട്ടത്തിൽ ചില തൊഴിൽ പരിശീലന കേന്ദ്രങ്ങളും ഉണ്ടായിരുന്നു. ഇവ എഴുത്തുവിദ്യാലയങ്ങൾ എന്നാണറിയപ്പെട്ടിരുന്നത്. ഇവിടെ അക്കാലത്ത് ഗുമസ്തന്മാരെ പരിശീലിപ്പിക്കുന്ന കോഴ്സുകളും അതിനുള്ള അധ്യാപകരും ഉണ്ടായിരുന്നു. മാത്രമല്ല, സൈനിക പരിശീലനം നല്കുവാനുള്ള സ്പെഷ്യൽ സ്ഥാപനങ്ങളും ഉണ്ടായിരുന്നു.

പതിനെട്ടാം നൂറ്റാണ്ടിന്റെ മധ്യത്തോടെ എല്ലാ കുട്ടികൾക്കും വേണ്ടി ഗ്രാമങ്ങളിലും പട്ടണങ്ങളിലും സാധാരണയുള്ള വിദ്യാലയങ്ങളും, തൊഴിൽ അടിസ്ഥാനപ്പെടുത്തിയ സ്പെഷ്യൽ സ്കൂളുകളും വ്യാപകമായി നിലവിൽ വന്നു. എന്നിരുന്നാലും ഇത്തരം വിദ്യാഭ്യാസ സമ്പ്രദായത്തിൽ കുട്ടികൾക്ക് നിർബന്ധിത വിദ്യാഭ്യാസം നല്കുന്നതിനുള്ള സൗകര്യമോ ചട്ടങ്ങളോ ഇല്ലായിരുന്നു. 1763ലാണ് ജർമനിയിലെ എല്ലാ കുട്ടികൾക്കും നിർബന്ധിത വിദ്യാഭ്യാസം നിയമപരമായി പ്രോയ്സിഷൻ ഗവൺമെണ്ട് പ്രഖ്യാപനം നടത്തിയത്. എങ്കിലും പൊതുവിദ്യാഭ്യാസ മേഖലയിൽ ഈ പരിഷ്ക്കരണം വിഷമകരമായ ഒരു പ്രക്രിയ തന്നെയായിരുന്നു.

1800ൽ ജർമനിയിലെ എല്ലാ സർവകലാശാലകളിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പുതിയ മാനവശാസ്ത്രപഠന പരിഷ്ക്കരണം നടപ്പിലാക്കുവാൻ ശ്രമമാരംഭിച്ചു. ഇതിനു പുറമേ, ഒരു ഇന്റർമീഡിയറ്റ് സെക്കണ്ടറി സ്കൂൾ സിസ്റ്റവും നടപ്പാക്കുകയുണ്ടായി.

1745ൽ ജർമനിയിൽ ആദ്യമായി ടെക്നിക്കൽ യൂണിവേഴ്സിറ്റികൾ ആരംഭിച്ചു. ബ്രൗൺഷ്വയ്ഗ് സർവകലാശാലയും ആഹനിലേയും കാൾസ്റൂഹെയിലെയും സർവകലാശാലകളും ആദ്യകാല സാങ്കേതികവിദ്യാ സർവകലാശാലകളാണ്. മേല്പ്പറഞ്ഞ സർവകലാശാലകളിൽ പ്രവേശനം ലഭിക്കണമെങ്കിൽ "അബിറ്റൂർ" (ഹയർ സെക്കണ്ടറി സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ്)-പതിമൂന്നാം ക്ലാസുവരെയുള്ള പഠനം-പാസ്സായിരിക്കണമായിരുന്നു.

18 >>

അറിവിന്റെ ലോകം

വി.കെ.ഹരിദാസ്

## ഐസ്ക്രീം

പാലും പഞ്ചസാരയും ചേർത്ത് നിർമിക്കുന്ന ഐസ്ക്രീം കുട്ടികൾക്കു മാത്രമല്ല, മുതിർന്നവർക്കും ഏറെ ഇഷ്ടമാണ്. മധുരപലഹാരമെന്നതിലുപരി വേനൽക്കാലത്ത് കടുത്ത ചൂടുള്ളപ്പോൾ ശരീരത്തിന് അല്പം തണുപ്പ് അനുഭവപ്പെടുത്താനും ഐസ്ക്രീമിനു കഴിയാറുണ്ട്.

ആദ്യകാല ഐസ്ക്രീമുകൾ ബി.സി. 2000ൽ തന്നെ നിർമിച്ചിട്ടുണ്ടെന്നാണ് ചരിത്രകാരന്മാരുടെ നിഗമനങ്ങൾ. അതിന്റെ നിർമാതാക്കൾ ആദിമ ചൈനക്കാരായിരുന്നുവത്രേ. ഏഷ്യയിൽ പ്രചാരത്തിലുണ്ടായിരുന്ന ഐസ്ക്രീമിന്റെ ആദ്യരൂപങ്ങൾ പതിമൂന്നാം നൂറ്റാണ്ടോടുകൂടി മാർക്കോ പോളോ യൂറോപ്പിലേക്കു കൊണ്ടുവന്നു എന്നാണ് കരുതപ്പെടുന്നത്.



റോമിലെ നീറോ ചക്രവർത്തി ഐസ്ക്രീം പോലുള്ള മധുരപലഹാരം അതിഥികൾക്ക് വിളമ്പിയിരുന്നതായി തെളിവുകളുണ്ടത്രേ. വലിയ പർവതനിരകളിലേക്ക് അടിമകളെ വിട്ട് ശേഖരിച്ച വലിയ മഞ്ഞുകട്ടകളും തേനും എല്ലാം കൂട്ടിച്ചേർത്ത ഒരു മധുരപലഹാരമായിരുന്നു അത്. 1700 കളിൽ മേരിലാൻഡിലെ ഗവർണർ ബ്ലാദെനും അതിഥികൾക്ക് ഐസ്ക്രീം പോലുള്ള മധുര പലഹാരം വിളമ്പിയിരുന്നതായി തെളിഞ്ഞിട്ടുണ്ട്.

1776ൽ ന്യൂയോർക്കിൽ ആദ്യത്തെ ഐസ്ക്രീം പാർലർ തുറന്നു. 1812ൽ അമേരിക്കൻ പ്രസിഡണ്ടിന്റെ വസതിയായ വൈറ്റ് ഹൗസിൽ പ്രസിഡണ്ട് ജോർജ് വാഷിംഗ്ടണ് ഐസ്ക്രീം വിളമ്പി പ്രശസ്തയായ വനിതയാണ് ഡോളി മാഡിസൺ.

ഐസ്ക്രീമുകൾ വളരെക്കാലം മുമ്പുതന്നെ പ്രചാരത്തിലുണ്ടായിരുന്നെങ്കിലും അവയുടെ ഉത്പാദനം ശാസ്ത്രീയമായ രീതിയിലായിരുന്നില്ല. ഒരു ലോഹപാത്രത്തിൽ ഐസ്ക്രീമിനുവേണ്ട പദാർത്ഥങ്ങളെല്ലാം ചേർത്ത് കുറെ ഐസ്കട്ടകളുടെ ഇടയിലേക്ക് അവ കയറ്റിവെച്ചായിരുന്നു. അക്കാലത്ത് ഐസ്ക്രീമുകൾ നിർമിച്ചിരുന്നത്. വിശേഷാവസരങ്ങളിൽ വിളമ്പാനല്ലാതെ, വ്യാവസായികാടിസ്ഥാനത്തിൽ ഐസ്ക്രീം ഉത്പാദനത്തിനോ വിപണനത്തിനോ അതു സഹായകമല്ലായിരുന്നു.

1851ൽ ജേക്കബ് ഫസൽ എന്ന വ്യാപാരിയാണ് ആദ്യമായി വ്യാവസായികാടിസ്ഥാനത്തിൽ ഐസ്ക്രീം ഉത്പാദിപ്പിച്ചത്. ബാൾട്ടിമോറിൽ അദ്ദേഹം ഐസ്ക്രീം ഉത്പാദിപ്പിക്കുന്ന ആദ്യത്തെ ഫാക്ടറി തുടങ്ങി. ഒരു ഫ്രീസിംഗ് ടാങ്കിൽ ഐസ്ക്രീം നിർമാണത്തിനാവശ്യമായ പദാർത്ഥങ്ങൾ കൂട്ടികലർത്തിയ ശേഷം പകുതി തണുപ്പിക്കുകയാണ് ആദ്യം ചെയ്യുക. പിന്നീട് അവ ചെറിയ പാത്രങ്ങളിലാക്കി മാറ്റി തണുപ്പുള്ള മുറിയിലേക്കു മാറ്റുന്നു. ഐസ്ക്രീം ഖരരൂപത്തിലാകുന്നത് ആ മുറിയിൽ വച്ചാണ്.

ജേക്കബ് ഫസിലിന്റെ ആ ഉത്പാദന തന്ത്രം ഐസ്ക്രീമുകൾക്ക് തുടർന്നുള്ള വർഷങ്ങളിൽ വൻപ്രചാരം നേടിക്കൊടുത്തു. ഇപ്പോൾ ലോകത്ത് എല്ലായിടത്തും, ഏതു കുഗ്രാമത്തിലും കിട്ടുന്ന മധുര പലഹാരമാണ് ഐസ്ക്രീം.

CYAN MAGENTA YELLOW BLACK

## കവിത

# സ്നേഹ

**കരീം പീടികയ്ക്കൽ**

അഞ്ചായാലുടൻ അമ്മേം മോളും
നടക്കാനിറങ്ങുന്നു.
കൊച്ചു സൈക്കിളിൽ കയറി സ്നേഹ
ചുറ്റിയടിക്കുന്നു.
ചേട്ടനുമായി പന്തുകളിച്ചവൾ
കെട്ടി മറിയുന്നു.
കൈകൾ കൊട്ടി
ആർത്തു വിളിച്ചവൾ
തുള്ളിക്കളിക്കുന്നു.
മുറ്റത്തെ മണലിൽ വല്യമ്മയുമായ്
ചുറ്റിക്കളിക്കുന്നു.
അച്ഛൻ കാറിൽ വന്നാലുടനേ
ഓടിയടുക്കുന്നു.
അച്ഛൻ നല്കിയ സമ്മാനവുമായ്
ഒപ്പം നടക്കുന്നു.
രാവിലെയെന്നും ചേട്ടനുമായി
സ്കൂളിൽ പോകുന്നു.
മടങ്ങിവന്നാലുടനേയമ്മ
വിടർന്ന ചിരിയോടെ
വിശപ്പുമാറ്റാൻ ഭക്ഷണം നല്കി
അടുത്തിരിക്കുന്ന മോളേയമ്മ
വാത്സല്യത്താൽ വാരിയെടുക്കുന്നു.



കുരുന്നു കവിളിൽ സ്നേഹത്തിന്റെ
വിരുന്നു നല്കുന്നു.
പടം വരച്ചും പഠിച്ചും നീയൊരു
മിടുക്കിയാവട്ടെ...

*****

## പ്രതികരണം

# വനിതാസംവരണം രാഷ്ട്രീയാവബോധത്തിന് പ്രാധാന്യം നല്കണം

സ്ത്രീകൾക്ക് ത്രിതലപഞ്ചായത്തുകളിൽ അൻപതു ശതമാനം സംവരണം ഏർപ്പെടുത്തിയത് സ്വാഗതാർഹമാണ്. രാഷ്ട്രീയ പാർട്ടികൾ സ്ഥാനാർത്ഥികളെ കണ്ടെത്തുമ്പോൾ ഒരുകാര്യം പ്രത്യേകം ശ്രദ്ധിക്കണം. രാഷ്ട്രീയ അവബോധം ഉള്ള വനിതകളെ ആയിരിക്കണം സ്ഥാനാർത്ഥിത്വത്തിനായി പരിഗണിക്കേണ്ടത്. പഞ്ചായത്തു രാജിനെക്കുറിച്ച് അറിവുള്ളവരെയും പൊതുരംഗത്ത് സജീവമായി പ്രവർത്തിക്കുന്നവരെയും സ്ഥാനാർത്ഥികളാക്കുന്നതാണ് ഉത്തമം.

രാഷ്ട്രീയ പാർട്ടികൾ, രാഷ്ട്രീയ ബോധവത്ക്കരണം നടത്തുന്നതോടൊപ്പം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ എങ്ങനെ നടത്തണമെന്നും പദ്ധതികൾ എങ്ങനെ രൂപീകരിക്കണമെന്നും പുതിയതായി വരുന്ന വനിതകൾക്ക് അറിവുണ്ടാക്കി കൊടുക്കണം. വിദ്യാഭ്യാസ യോഗ്യത മാത്രം പോരാ, സമൂഹത്തിൽ ജനങ്ങളോട് എങ്ങനെ പെരുമാറണമെന്നും അവരുടെ കാര്യങ്ങൾ എങ്ങനെ പരിഹരിക്കണമെന്നുള്ള ഒരു പൊതുധാരണയും അവർക്കുണ്ടാകണം. സർക്കാർ അനുവദിക്കുന്ന തുക ലാപ്സായി പോകാതെ സമയബന്ധിതമായി വികസനരംഗത്ത് വിനിയോഗിക്കാൻ ആവശ്യമായ അറിവുണ്ടാകണം.

നമുക്കറിയാം, കൂടുതൽ വനിതകളും അടുക്കളയിൽ നിന്നും നേരിട്ടു സമൂഹത്തിലേക്കിറങ്ങുന്നവരാണ്. അവർക്ക് പൊതുരംഗത്തു പ്രവർത്തിക്കാൻ അറിവു കുറവായിരിക്കും. അത് അവരുടെ കുറ്റമല്ല. കുറച്ചൊക്കെ സ്വാശ്രയസംഘങ്ങൾ വഴി രംഗത്തു വന്നിട്ടുണ്ട്. എങ്കിലും 80% അംഗങ്ങളും സ്വന്തം താത്പര്യങ്ങൾക്കാണ് മുൻഗണന കൊടുക്കുന്നത്. അതു മാറ്റിയെടുക്കണം. വനിതകൾ പുരുഷ അംഗങ്ങളുടെ റബർ സ്റ്റാമ്പുകളാകരുത്.

**ശാന്തമ്മ വർഗീസ്**
*മാടപ്പള്ളി, ചങ്ങനാശ്ശേരി*

# ജർമനിയിലെ കലാലയങ്ങൾ

>> 17

1850കളിൽ ജർമനിയിൽ വിവിധ പാഠ്യപദ്ധതികൾ സ്വീകരിച്ചിട്ടുള്ള വിവിധോദ്ദേശ്യ "ജിംനാസ്സിയ"ങ്ങൾ നിലവിലുണ്ടായിരുന്നു. 1900ൽ ഇത്തരം എല്ലാ ജിംനാസ്സിയങ്ങളിൽ നിന്നും പഠിച്ചിറങ്ങുന്നവർക്ക് യൂണിവേഴ്സിറ്റി പ്രവേശനം അംഗീകരിച്ചു. "ജിംനാസ്സിയം" എന്നതിനു "ഗ്രാമർ സ്കൂൾ" എന്നു പറയാം. അതായത് അഞ്ചാം ക്ലാസ്സ് തുടങ്ങി പതിമൂന്നാം ക്ലാസ്സു വരെയുള്ള ക്ലാസ്സുകൾ. മാനവശാസ്ത്രപഠനം, സാധാരണ പൊതുവിദ്യാഭ്യാസം, ഇൻർമീഡിയേറ്റ്, ഗ്രാമർ സ്കൂൾ-ഇവയൊക്കെ വ്യത്യസ്ത പാഠ്യപദ്ധതികളിൽപെടുന്നു.

വൈമാറർ റിപ്പബ്ലിക് 1920ൽ എലിമെന്ററി സ്കൂളുകളിൽ നാലു വർഷം നിർബന്ധിത പ്രൈമറി സ്കൂൾ സിസ്റ്റം നടപ്പിൽ വരുത്തി. മറ്റു നിരവധി പരിഷ്ക്കാരങ്ങൾ നിർദേശിക്കപ്പെട്ടിരുന്നെങ്കിലും ഒന്നും നടപ്പാകാതെ പോയി. ഇതിനിടെ മാനവശാസ്ത്രം പ്രത്യേകം പാഠ്യപദ്ധതിയാക്കിയ ജിംനാസ്സിയങ്ങളുടെ പ്രചാരം ക്രമേണ കുറഞ്ഞുപോയി. അതിനുപകരം നവീന വിദേശഭാഷകളും പ്രകൃതിശാസ്ത്ര പഠനവും മുതിർന്ന ക്ലാസ്സുകളിൽ ശക്തമായി അടിസ്ഥാനമിട്ടിരുന്നു.

1933 മുതൽ നാഷണൽ സോഷ്യലിസ്റ്റുകളുടെ സ്വാധീനം വിദ്യാഭ്യാസമേഖലയിൽ ഉണ്ടായിരുന്നുവെങ്കിലും 1945 വരെ മാത്രമേ ശക്തമായ സ്വാധീനം നിലനിന്നുള്ളൂ. ഇക്കാലത്തു നാസ്സികൾ പന്ത്രണ്ടു ക്ലാസ്സുകൾകൊണ്ട് തീരുന്ന "ജിംനാസ്സിയം" നടപ്പിലാക്കി. ഇതിനൊപ്പം തന്നെ നാഷണൽ സോഷ്യലിസ്റ്റുകളുടെ യുവ എലൈറ്റ് ട്രൂപ്പിനെ പരിശീലിപ്പിക്കുവാൻ ചില വിദ്യാലയങ്ങളെ സ്പെഷ്യൽ സ്കൂളുകളാക്കി മാറ്റി.

എന്നാൽ 1949ൽ ജർമൻ ഫെഡറൽ ഭരണഘടന പ്രകാരം ഉന്നതവിദ്യാഭ്യാസം സംസ്ഥാന തലത്തിലുള്ള സാംസ്കാരിക വകുപ്പിന്-വൈമാറർ റിപ്പബ്ലിക്കിൽ നിലവിലിരുന്ന വ്യവസ്ഥയിൽത്തന്നെ-ഏല്പിച്ചു കൊടുത്തു. നാസ്സികൾ ഏർപ്പെടുത്തിയിരുന്ന പന്ത്രണ്ടുവർഷ ജിംനാസ്സിയം പതിമൂന്നു വർഷമാക്കി പൂർവസ്ഥിതിയിലേക്കു തന്നെ മാറ്റി. 1955ലെ ഡ്യൂസൽഡോർഫർ കരാർ പ്രകാരം പ്രാദേശികമായി നിലവിലിരുന്ന വ്യത്യസ്ത പാഠ്യപദ്ധതികൾ ഏകീകരിക്കുവാനും പുന:ക്രമീകരിക്കുവാനും നിർദേശങ്ങൾ ഉണ്ടായി. അതിന്റെ അടുത്ത പടിയായി 1964ലെ ഹാംബുർഗർ ഉടമ്പടി പ്രകാരം പൊതുവെ എല്ലായിടത്തും സെക്കണ്ടറി ജനറൽ സ്കൂൾ സിസ്റ്റം നടപ്പിലായി.



*കാൾസ്റൂഹെയ്‌ലൽ സർവകലാശാല*

ആകെ ഒൻപത് ക്ലാസ്സുകൾ കൊണ്ടു തീരുന്ന പഠനം. കുട്ടികൾക്ക് അടിസ്ഥാന പൊതുവിജ്ഞാനം നല്കുന്നതോടൊപ്പം രാഷ്ട്രവിജ്ഞാനവും കലകളിൽ അടിസ്ഥാന ശിക്ഷണവുമാണു ലക്ഷ്യമിട്ടത്. ഒൻപതു ക്ലാസ്സുകൾ കഴിയുന്നവർക്ക് കൈത്തൊഴിലുകൾ പഠിക്കുന്നതിനുള്ള സാങ്കേതിക സ്കൂളുകളിൽ പ്രവേശനം കൊടുത്തിരുന്നു.

യുദ്ധാനന്തര പൂർവ ജർമനയിൽ 1949 –1990 കാലഘട്ടത്തിൽ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പ്രത്യയശാസ്ത്രമനുസരിച്ചുള്ള കേന്ദ്രീകൃതമായ അടിസ്ഥാന വിദ്യാഭ്യാസമാണ് നല്കിയിരുന്നത്.

ജർമനിയുടെ പുനരേകീകരണം സാധിച്ചതോടെ സാമ്പത്തികമാന്ദ്യം നേരിടേണ്ടിവന്നിരുന്ന ഫെഡൽ റിപ്പബ്ലിക്കിന് 1990കളിൽ ചില ഭേദഗതികളും ഏറ്റക്കുറച്ചിലുകളും ഉണ്ടാക്കിക്കൊടുത്ത് ഇരു ജർമനികളിലുമുണ്ടായിരുന്ന വിദ്യാഭ്യാസ സമ്പ്രദായം ക്രമീകരിക്കുകയാണുണ്ടായത്.

1990ന്റെ അവസാനം ജർമനിയിലെ വിദ്യാഭ്യാസ നിലവാരം അന്തർദേശീയ ലെവലിൽ തീരെ മോശപ്പെട്ടതാണെന്നുള്ള വിദേശ സർവേഫലം ജർമൻ വിദ്യാഭ്യാസ മണ്ഡലത്തിലെ പ്രതിഭകളുടെയിടയിൽ വലിയൊരു ചർച്ചയ്ക്ക് കാരണമാക്കി. വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട പ്രോത്സാഹനവും സാധ്യതക്കുറവുകളും ഒരു വശത്തും, വിദഗ്ധരായ അധ്യാപകരുടെ കുറവു മറുവശത്തും വിദ്യാഭ്യാസ നിലവാരം കുറഞ്ഞതിന് കാരണമാക്കിയെന്നാണ് കണ്ടെത്തിയത്.

**യുദ്ധാനന്തര പൂർവ ജർമനയിൽ 1949–1990 കാലഘട്ടത്തിൽ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പ്രത്യയശാസ്ത്രമനുസരിച്ചുള്ള കേന്ദ്രീകൃതമായ അടിസ്ഥാന വിദ്യാഭ്യാസമാണ് നല്കിയിരുന്നത്. ജർമനിയുടെ പുനരേകീകരണം സാധിച്ചതോടെ സാമ്പത്തികമാന്ദ്യം നേരിടേണ്ടിവന്നിരുന്ന ഫെഡൽ റിപ്പബ്ലിക്കിന് 1990കളിൽ ചില ഭേദഗതികളും ഏറ്റക്കുറച്ചിലുകളും ഉണ്ടാക്കിക്കൊടുത്ത് ഇരു ജർമനികളിലുമുണ്ടായിരുന്ന വിദ്യാഭ്യാസ സമ്പ്രദായം ക്രമീകരിക്കുകയാണുണ്ടായത്.**

CYAN MAGENTA YELLOW BLACK

# ന്യൂസ് ഡയറി

## 20-26 സെപ്റ്റംബർ 2009

പി. ആർ



## കേരളം



**20.** ശ്രീനാരായണ ഗുരുദേവന്റെ 82-ാമത് മഹാസമാധി ദിനം ആചരിച്ചു.

- വേദശാസ്ത്രപണ്ഡിതനും വിദ്യാഭ്യാസ വിചക്ഷണനും ഇംഗ്ലീഷ് ഭാഷാനിപുണനുമായിരുന്ന ഡോ.സി.എ.ഏബ്രഹാം കോറെപ്പിസ്കോപ്പ (90) അന്തരിച്ചു.

**22.** എം.പി.വീരേന്ദ്രകുമാറിന്റെ നേതൃത്വത്തിലുള്ള ജനതാദളിനെ യുഡിഎഫ് ഘടകകക്ഷിയായി ഔദ്യോഗികമായി പ്രഖ്യാപിച്ചു.



- നാടകരചനയിലും അവതരണത്തിലും വിപ്ലവകരമായ പരിവർത്തനത്തിനു തുടക്കം കുറിച്ചതായി വിലയിരുത്തി, വള്ളത്തോൾ സാഹിത്യസമിതി ഈ വർഷത്തെ വള്ളത്തോൾ പുരസ്കാരത്തിന് (1,11,111 രൂപ) കാവാലം നാരായണപ്പണിക്കരെ തെരഞ്ഞെടുത്തു.

**23.** രാഷ്ട്രീയ പ്രവർത്തകർക്കെതിരായ ക്രിമിനൽ കേസുകൾ പിൻവലിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കണമെന്ന് ഹൈക്കോടതി സംസ്ഥാന സർക്കാരിനോടാവശ്യപ്പെട്ടു.

- വർക്കലയ്ക്കു സമീപം അയിരൂരിൽ പുലർച്ചെ നടക്കാനിറങ്ങിയ അശ്വതിഭവനിൽ ശിവപ്രസാദിനെ (60) അക്രമിസംഘം വെട്ടിക്കൊലപ്പെടുത്തി.

**24.** ലാവ്‌ലിൻ കേസിലെ ഒൻപത് പ്രതികളിൽ അഞ്ചുപേർ സിബിഐ പ്രത്യേക കോടതിയിൽ ഹാജരായി ജാമ്യമെടുത്തു. ഏഴാം പ്രതി പിണറായി വിജയൻ ഹാജരായില്ല.

- കൊല്ലം കളക്ട്രേറ്റ് സമുച്ചയത്തിലെ ജുഡീഷ്യൽ ഒന്നാംക്ലാസ് മജിസ്ട്രേറ്റ് ഒന്ന്, രണ്ട് കോടതികൾക്ക് അജ്ഞാതർ തീവെച്ചതിനെത്തുടർന്ന് കേസുകൾ സംബന്ധിച്ച നാനൂറോളം രേഖകൾ കത്തിനശിച്ചു.



**25.** സിപിഎം സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ ഉപജാപക വൃന്ദത്തിന്റെ തടവറയിലാണെന്നും അനുഭവങ്ങളുടെ വെളിച്ചത്തിലാണ് ഇതു പറയുന്നതെന്നും മുൻ എം.പി. സെബാസ്റ്റ്യൻ പോൾ.

- തിരുവനന്തപുരം മൺവിള വ്യവസായ എസ്റ്റേറ്റിൽ പാഠപുസ്തകം അച്ചടിച്ചുവന്ന സോളാർ ഓഫ്സെറ്റ് പ്രിന്റേഴ്സിൽ ഉണ്ടായ വൻ തീപിടുത്തത്തിൽ പ്ലസ് വൺ, പ്ലസ് ടു പാഠപുസ്തകങ്ങൾ ഉൾപ്പെടെ കത്തി മൂന്നര കോടിയുടെ നഷ്ടം.



**26.** സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ നാടുകടത്തിയതിന്റെ ശതാബ്ദി ആചരണത്തിന് തുടക്കം കുറിച്ച് പാളയം രക്തസാക്ഷി മണ്ഡപത്തിനു മുന്നിൽ സ്ഥാപിച്ച സ്വദേശാഭിമാനിയുടെ പ്രതിമ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ അനാച്ഛാദനം ചെയ്തു.



- അധോലോക സംഘങ്ങൾക്കും വിധ്വംസക പ്രവർത്തകർക്കും സംരക്ഷണം നല്കുന്ന നയമാണ് സംസ്ഥാന സർക്കാർ പിൻതുടരുന്നതെന്ന് കേരളാ കോൺഗ്രസ് ലീഡർ കെ.എം.മാണി.

- കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസിലെ മൂന്നുനില ഹോസ്റ്റൽ കെട്ടിടത്തിന്റെ ഒരു ഭാഗം തകർന്നുവീണു.

## ദേശീയം



**20.** ഒന്നരവയസ്സുകാരനെ അഴുക്കുചാലിൽ വീണു കാണാതായ സംഭവത്തിൽ ബാംഗ്ലൂർ കോർപ്പറേഷനെതിരെ കർണാടക മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു.

- വധശിക്ഷ വിധിക്കപ്പെട്ട കേസുകളിൽ രാഷ്ട്രപതിക്കു നല്കുന്ന ദയാഹർജികളിൽ തീരുമാനമെടുക്കാൻ കാലതാമസമുണ്ടാകരുതെന്ന് സുപ്രീംകോടതി കേന്ദ്രസർക്കാരിനോടു നിർദേശിച്ചു.

**21.** കഴിഞ്ഞ ലോക്സഭ, നിയമസഭാ തെരഞ്ഞെടുപ്പുകളിൽ മത്സരിച്ച സ്ഥാനാർത്ഥികളിൽ തെരഞ്ഞെടുപ്പ് ചെലവിന്റെ കണക്കു സമർപ്പിക്കാത്ത 3275 പേർക്കു മൂന്നു വർഷത്തേക്ക് ഇലക്ഷൻ കമ്മീഷൻ അയോഗ്യത കല്പിച്ചു.



- ജസ്വന്ത്സിംഗിനെ ബിജെപിയിൽ നിന്നും പുറത്താക്കിയ പാർലമെണ്ടറി ബോർഡിന്റെ തീരുമാനത്തോട് തനിക്ക് യോജിപ്പില്ലായിരുന്നെന്ന് എൽ.കെ.അഡ്വാനി.

**22.** പാക് ചാരസംഘടനയായ ഇന്റർ സർവീസ് ഇന്റലിജൻസ് ഏജൻസി (ഐ.എസ്.ഐ)യുടെ ചാരനായി പ്രവർത്തിച്ചുവന്ന മുൻ ഇന്ത്യൻ സൈനികൻ സുധാംശു സുധാകറെ ബീഹാറിലെ പട്നയിൽ അറസ്റ്റുചെയ്തു.



- എൽ.കെ.അഡ്വാനി പഴകിപ്പോയ അച്ചാർപോലെ ആണെന്നും അദ്ദേഹത്തിന്റെ കാലം കഴിഞ്ഞുവെന്നും ബിജെപി നേതാവും ഗോവ മുൻ മുഖ്യമന്ത്രിയുമായ മനോഹർ പരീക്കർ.



**23.** ഇന്ത്യയുടെ ഓഷൻസാറ്റ്-2 ഉപഗ്രഹവും വിവിധ യൂറോപ്യൻ യൂണിവേഴ്സിറ്റികൾ പഠനാവശ്യത്തിനായി വികസിപ്പിച്ചെടുത്ത മറ്റ് ആറ് ചെറു ഉപഗ്രഹങ്ങളുമായി ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽനിന്ന് പി.എസ്.എൽ.വി വിജയകരമായി വിക്ഷേപിച്ചു.

- ഉത്തരകാശ്മീരിൽ ബന്ദിപ്പുര, ബാരാമുള്ള എന്നിവിടങ്ങളിലുണ്ടായ ഏറ്റുമുട്ടലുകളിൽ നാലു ഭീകരരും മേജർ ഉൾപ്പെടെ നാലു പട്ടാളക്കാരും കൊല്ലപ്പെട്ടു.



**24.** മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ടു നിർമിക്കുന്നതിനു സർവേ നടത്താൻ കേരളത്തിനു നല്കിയ അനുമതി റദ്ദാക്കില്ലെന്ന്, ഇതിനായി തമിഴ്നാടിന്റെ സമ്മർദം ശക്തമായിരിക്കെ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി ജയറാം രമേശ് പറഞ്ഞു.

- പത്ര ഉടമകളുടെ സംഘടനയായ ദി ഇന്ത്യൻ ന്യൂസ് പേപ്പർ സൊസൈറ്റിയുടെ പ്രസിഡണ്ടായി ഡക്കാൻ ക്രോണിക്കിളിന്റെ ടി.വെങ്കിട്ടറാം റെഡ്ഡിയെ തെരഞ്ഞെടുത്തു.



**25.** ചന്ദ്രനിലെ ജലശേഖരം മഞ്ഞുകട്ടകളായി അടിഞ്ഞുകൂടിയ നിലയിലാണെന്നും ഇത് ജീവൻ നിലനില്ക്കാൻ സഹായകമായ തരത്തിലല്ലെന്നും ഐ.എസ്.ആർ.ഒ ചെയർമാൻ ഡോ. ജി.മാധവൻ നായർ.

- തമിഴ്നാട്ടിലെ തിരുവണ്ണാമലയിൽ പടക്കഗോഡൗണിലുണ്ടായ വൻ സ്ഫോടനത്തിൽ 11 മരണം.

**26.** പശ്ചിമബംഗാളിലെ ലാൽ ഗഢ് കലാപത്തിന്റെ സൂത്രധാരൻ എന്നു കരുതുന്ന മാവോയിസ്റ്റ് നേതാവ് ഛത്രധർ മഹാതോയെ പോലീസ് അറസ്റ്റുചെയ്തു.



- സ്ത്രീകളുടെ ശക്തി അവർ തന്നെ തിരിച്ചറിഞ്ഞാൽ മാത്രമേ സമൂഹത്തിൽ പുരോഗതി നേടുവാൻ കഴിയൂ എന്ന് ലോക്സഭാ സ്പീക്കർ മീരാകുമാർ.

## വിദേശം



**20.** പാകിസ്ഥാനിലെ താഴ്വരയിൽ നിന്നും ഗുരുതരമായ പരുക്കുകളോടെ പിടിയിലായ താലിബാൻ കമാൻഡർ ഷേർ മുഹമ്മദ് കസബ് സൈനികാശുപത്രിയിൽ മരിച്ചു.

- കരുതൽ ധനം കൂടുതൽ ഭദ്രമാക്കുന്നതിനായി അന്താരാഷ്ട്ര നാണയ നിധി (ഐ.എം.എഫ്)യുടെ കരുതൽ സ്വർണശേഖരത്തിൽ എട്ടിലൊന്ന് അംഗരാജ്യങ്ങൾക്ക് വില്ക്കുവാൻ അനുമതിയായി.



- നവയാഥാസ്ഥിതിക ചിന്തയുടെ കുലപതിയെന്നറിയപ്പെടുന്ന രാഷ്ട്രീയ ചിന്തകൻ കൂടിയായ ഇർസിംഗ് ക്രിസ്റ്റൽ (89) അന്തരിച്ചു.

**21.** ഇറാൻ, ഉത്തരകൊറിയ, ലിബിയ എന്നീ രാജ്യങ്ങൾക്ക് അണ്വായുധ രഹസ്യം വില്പന നടത്തിയെന്ന, പാക് ആണവ പദ്ധതിയുടെ പിതാവായി അറിയപ്പെടുന്ന എ.ക്യൂ.ഖാന്റെ വെളിപ്പെടുത്തൽ അതീവ ഗുരുതരമാണെന്നും ഖാനെ ചോദ്യം ചെയ്യാൻ അനുമതി നല്കണമെന്നും രാജ്യാന്തര ആണവോർജ ഏജൻസി.

- ഇന്ത്യയിൽ നിർമിച്ചതെന്നു ലേബലൊട്ടിച്ച് വ്യാജമരുന്നുകൾ നൈജീരിയായിലേക്കു കയറ്റി അയച്ച സംഭവത്തിൽ ചൈന മാപ്പു പറഞ്ഞു.

- വിവിധ കുറ്റകൃത്യങ്ങളിൽ പിടികിട്ടാനുള്ള 83 ഭീകരപ്രവർത്തകരുടെ പട്ടിക പാകിസ്ഥാൻ പ്രസിദ്ധീകരിച്ചു.



**22.** ഇന്ത്യയുടെയും അമേരിക്കയുടെയും സമ്മർദം ശക്തമായതിനെത്തുടർന്ന് മുംബൈ ഭീകരാക്രമണത്തിന്റെ സൂത്രധാരൻ ഹാഫിസ് മുഹമ്മദ് സയ്യിദിനെ പാകിസ്ഥാൻ വീട്ടുതടങ്കലിലാക്കി.

- ഇറാൻ തലസ്ഥാനമായ ടെഹ്റാനിൽ എയർഷോയ്ക്കിടെ വ്യോമസേനാ വിമാനം തകർന്ന് ഏഴു മരണം.

**23.** ഇന്ത്യയ്ക്ക് 20,000 കോടിരൂപ വായ്പ അനുവദിക്കാൻ ലോകബാങ്ക് എക്സിക്യൂട്ടീവ് യോഗം തീരുമാനിച്ചു.

- യുനെസ്കോയുടെ ആദ്യ വനിതാ മേധാവിയായി മുൻ ബൽഗേറിയൻ വിദേശകാര്യ മന്ത്രി ഐറീന ബോകോവ തെരഞ്ഞെടുക്കപ്പെട്ടു.

- കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുവാനായി വികസിതരാഷ്ട്രങ്ങൾ ജീവിതശൈലിയിൽ മാറ്റം വരുത്തണമെന്ന് ഇന്ത്യയുടെ വിദേശകാര്യമന്ത്രി എസ്.എം.കൃഷ്ണ, ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ ന്യൂയോർക്കിൽ ചേർന്ന കാലാവസ്ഥാ ഉച്ചകോടിയിൽ ആവശ്യപ്പെട്ടു.

**24.** ഇന്ത്യയുടെ പ്രഥമ ചാന്ദ്രദൗത്യ വാഹനമായ ചന്ദ്രയാൻ-1 ശേഖരിച്ച വിവരണങ്ങൾ പരിശോധിച്ച അമേരിക്കൻ ബഹിരാകാശ ഏജൻസിയായ നാസ ചന്ദ്രോപരിതലത്തിൽ ജലാംശമുള്ളതായി സ്ഥിരീകരിച്ചു.



- യു.എൻ രക്ഷാസമിതിയിലെ സ്ഥിരാംഗങ്ങളുടെ വീറ്റോ അധികാരം റദ്ദാക്കണമെന്ന് ഇറാൻ പ്രസിഡണ്ട് മെഹ്മൂദ് അഹ്മദി നെജാദ് യുഎൻ പൊതുസഭയുടെ 64-ാം സമ്മേളനത്തിൽ ആവശ്യപ്പെട്ടു.

**25.** ഡെൻമാർക്കിൽ വച്ചുനടന്ന ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഹരിയാനാ സ്വദേശിയായ ഇന്ത്യയുടെ രമേഷ് കുമാർ 74 കിലോ വിഭാഗത്തിൽ വെങ്കലമെഡൽ നേടി.



- പാകിസ്ഥാനിലെ തീവ്രവാദികൾ ലോകത്തിനാകമാനം ഭീഷണിയാണെന്ന് യുഎൻ ആസ്ഥാനത്തുനടന്ന യോഗത്തിൽ അമേരിക്കൻ പ്രസിഡണ്ട് ബറാക് ഒബാമ.



**26.** ഇന്ത്യയ്ക്കെതിരെ ഭീകരത ഉപയോഗപ്പെടുത്തുന്ന പാകിസ്ഥാന്റെ മനോഭാവത്തിൽ മാറ്റമുണ്ടായാലേ സമാധാന ഉദ്യമങ്ങൾ ഫലപ്രാപ്തിയിലെത്തുകയുള്ളൂവെന്ന് പ്രധാനമന്ത്രി മൻമോഹൻസിംഗ് പിറ്റ്സ് ബർഗിൽ ജി-20 ഉച്ചകോടിയുടെ സമാപന ദിവസം നടത്തിയ വാർത്താ സമ്മേളനത്തിൽ തുറന്നടിച്ചു.

- അമേരിക്കയിലെ പ്രശസ്ത വസ്ത്രനിർമാണ കമ്പനിയായ ഗ്യാപിന്റെ സ്ഥാപകൻ ഡൊണാൾഡ് ഫിഷർ (81) അന്തരിച്ചു.

- ഇസ്രായേൽ, ഗൾഫിലെ യു.എസ്. സേനാതാവളങ്ങൾ എന്നിവയെ ലക്ഷ്യം വയ്ക്കാൻ കഴിയുന്ന ആക്രമണപരിധിയുള്ള ശബാബ്-3 മിസൈലുകൾ ഇറാൻ വിജയകരമായി പരീക്ഷിച്ചു.

- പുലിസ്റ്റർ പുരസ്കാര ജേതാവും മുൻ അമേരിക്കൻ പ്രസിഡണ്ട് റിച്ചാർഡ് നിക്സന്റെ പ്രസംഗമെഴുത്തുകാരനും പ്രമുഖ കോളമിസ്റ്റുമായിരുന്ന വില്യം സഫയർ (79) ക്യാൻസർ ബാധയെത്തുടർന്ന് അന്തരിച്ചു.

CYAN MAGENTA YELLOW BLACK

●വാല്യം 3 ●ലക്കം 3
7 ഒക്ടോബർ 2009
ഒരു കോപ്പി വില - 7.00
വരിസംഖ്യ വാർഷികം - 300
അർധ വാർഷികം - 160
റാപ്പർ ശ്രദ്ധിക്കുക
വരിസംഖ്യ പുതുക്കുക

Prathichaya
NEWS WEEKLY
Email : pratichaya@gmail.com
Website: www.pratichaya.com

PRATICHAYA WEEKLY
Palace Road, Kottayam - 686001
Tel & Fax : 0481 2564085
RN. No. KER MAL / 2007 / 21242
Postal Reg. No. KL/KTM/661/2008- 10
License No. KL/CR/KTM/WPP-73/2008-10
Licensed to Post Without Prepayment

# കാലാവസ്ഥാ വ്യതിയാനവും ന്യൂയോർക്ക് ഉച്ചകോടിയും

ഫീച്ചർ

പ്രിൻസ് രാജ്

മാനവരാശിക്കു മുന്നിൽ ഭീഷണി ഉയർത്തി നില്ക്കുന്ന ഒരു വൻവിപത്തിന് മുന്നോടിയാണ് കാലാവസ്ഥാവ്യതിയാനമെന്ന് ലോകസമൂഹം ഇന്ന് തിരിച്ചറിഞ്ഞിരിക്കുന്നു. അല്പം വൈകിയാണെങ്കിലും ലോകനേതാക്കളും ഐക്യരാഷ്ട്രസഭയും ഈ പ്രശ്നത്തിന് കാര്യമായ ഗൗരവം നല്കുന്നു എന്നതും പ്രശംസനീയം തന്നെ.

എന്നാൽ വ്യവസായ വികസനവും സാമ്പത്തിക ശാക്തീകരണവും ആരോഗ്യകരമായ മത്സരത്തിൽ നിന്നും അനാരോഗ്യകരമായ മരണപ്പാച്ചിലിലേക്ക് കുതിക്കുന്ന അവസരത്തിൽ ലോകരാഷ്ട്രങ്ങൾക്ക് ആത്മാർത്ഥമായ പരസ്പര സഹകരണവും ധാരണയും ഈ വിഷയത്തിൽ രൂപപ്പെടുത്തുവാൻ കഴിയുന്നുണ്ടോ എന്നത് സംശയമാണ്. അതിന് കഴിയുന്നില്ല എന്ന് സെപ്റ്റംബർ 22ന് ന്യൂയോർക്കിൽ ഐക്യരാഷ്ട്രസഭാ സെക്രട്ടറി ജനറൽ ബാൻ കി മൂൺ വിളിച്ചുകൂട്ടിയ രാഷ്ട്രനേതാക്കളുടെ ഉച്ചകോടി തന്നെ സാക്ഷ്യപ്പെടുത്തുന്നു.

നൂറിലധികം രാജ്യങ്ങളുടെ നേതാക്കൾ പങ്കെടുത്ത ഉച്ചകോടിയിൽ പരസ്പരമുള്ള കുറ്റപ്പെടുത്തലുകളും ആരോപണ പ്രത്യാരോപണങ്ങളുമാണ് ഉണ്ടായത്. ഡിസംബറിൽ ഡെൻമാർക്കിലെ കോപ്പൻഹേഗനിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന കാലാവസ്ഥാവ്യതിയാനം സംബന്ധിച്ച ബൃഹത് ഉച്ചകോടിക്ക് മുന്നോടിയായിരുന്നു ന്യൂയോർക്കിലേത്.

കാർബൺഡൈ ഓക്സൈഡ് ഉൾപ്പെടെയുള്ള ഗ്രീൻഹൗസ് വാതകങ്ങളുടെ ലോകത്തെ ആകെ പുറംതള്ളലിൽ 20 ശതമാനവും അമേരിക്ക, ചൈന എന്നിവയാണ് നടത്തുന്നത്. ഇത് പ്രധാനമായും കൽക്കരി, പ്രകൃതി വാതകം, മറ്റ് പെട്രോളിയം ഉത്പന്നങ്ങൾ എന്നിവയുടെ വ്യാവസായിക ഉപയോഗം മൂലമാണ് ഉണ്ടാകുന്നത്. ഗ്രീൻഹൗസ് വാതകത്തിന്റെ പുറംതള്ളലിന് 14 ശതമാനം യൂറോപ്യൻ യൂണിയനും അഞ്ച് ശതമാനം വീതം റഷ്യ, ഇന്ത്യ എന്നീ രാജ്യങ്ങളുമാണ് ഉത്തരവാദികൾ.

ലോകജനസംഖ്യയുടെ പതിനാറുശതമാനം വരുന്ന ഇന്ത്യ, ഗ്രീൻഹൗസ് വാതകങ്ങൾ അഞ്ചുശതമാനം മാത്രമാണ് പുറംതള്ളുന്നത്. എന്നാൽ ജനസംഖ്യയുടെ അഞ്ച് ശതമാനം മാത്രം ഉൾക്കൊള്ളുന്ന അമേരിക്കയുടേതാകട്ടെ 22 ശതമാനവും.

## ഹൂജിന്റാവോ

(ചൈനീസ് പ്രസിഡണ്ട്)

ഹരിതഗ്രുഹവാതകങ്ങളുടെ പുറം തള്ളൽ കുറയ്ക്കുന്നതിനായി വികസിത രാജ്യങ്ങളുടെ ഭാഗത്തു നിന്നും ആത്മാർത്ഥമായ പങ്കാളിത്തം ഉണ്ടായെങ്കിൽ മാത്രമേ കാലാവസ്ഥാ വ്യതിയാനത്തെ ഫലപ്രദമായി നേരിടുവാൻ കഴിയൂ എന്ന് ചൈനീസ് പ്രസിഡണ്ട് ഹൂജിന്റാവോ പറഞ്ഞു.

കാർബൺഡൈ ഓക്സൈഡിന്റെ പുറംതള്ളൽ ചൈന വളരെയേറെ കുറച്ചതായും രാജ്യത്തിന്റെ വളർച്ചാനിരക്കും പുറംതള്ളുന്ന ഹരിതഗൃഹ വാതകങ്ങളുടെ അളവും പരിശോധിച്ചാൽ ഇത് ബോധ്യമാവുമെന്നും ഹൂജിന്റാവോ പറഞ്ഞു. എന്നാൽ അമേരിക്ക ചൈനയുടെ അവകാശവാദങ്ങളെ വെല്ലുവിളിച്ചു. വ്യക്തമായ കണക്കുകൾ അവതരിപ്പിക്കാൻ ഹൂജിന്റാവോ തയ്യാറാകണമെന്നായിരുന്നു ലോകത്ത് ഏറ്റവും കൂടുതൽ ഹരിതഗൃഹവാതകങ്ങൾ പുറംതള്ളുന്ന അമേരിക്കയുടെ ആവശ്യം.

## സാമ്പത്തിക പ്രതിസന്ധി കാർബൺ പുറംതള്ളൽ കുറച്ചു

ലോകരാഷ്ട്രങ്ങളെ ആകമാനം ബാധിച്ച സാമ്പത്തിക പ്രതിസന്ധി കാർബൺ പുറംതള്ളലിൽ രണ്ട് ശതമാനത്തോളം കുറവ് സൃഷ്ടിച്ചതായി യു.എൻ. റിപ്പോർട്ട് വ്യക്തമാക്കുന്നു. കഴിഞ്ഞ 40 വർഷത്തെ ഏറ്റവും വലിയ കുറവാണിത്. വ്യാവസായിക മേഖലയിൽ ഉത്പാദനം വെട്ടിക്കുറച്ചതാണ് കാരണം.

## ബറാക് ഒബാമ

(അമേരിക്കൻ പ്രസിഡണ്ട്)



കാലാവസ്ഥാവ്യതിയാനത്തെ നേരിടാനും അതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാനും അമേരിക്ക പ്രതിജ്ഞാബദ്ധമാണ്. ശക്തവും വ്യക്തവുമായ പരിശ്രമം ഇക്കാര്യത്തിൽ ഉണ്ടാകും. കാർബൺഡൈ ഓക്സൈഡ് ഉൾപ്പെടെയുള്ള വാതകങ്ങളുടെ പുറംതള്ളൽ പരമാവധി കുറയ്ക്കുന്നതിനായി വലിയ ഒരു ഉദ്യമത്തിനു തന്നെ നാന്ദി കുറിയ്ക്കും.

## നിക്കോളാസ് സർകോസി

(ഫ്രഞ്ച് പ്രസിഡണ്ട്)

കാലാവസ്ഥാവ്യതിയാനം സംബന്ധിച്ച് സ്വീകരിക്കേണ്ട പ്രതിരോധ നടപടികൾ ചർച്ചചെയ്യുവാനും അഭിപ്രായ സമന്വയത്തിലെത്തുവാനും കോപ്പൻഹേഗൻ ഉച്ചകോടിക്കു മുമ്പായി വീണ്ടും ലോകരാഷ്ട്രങ്ങളുടെ ഒരു സമ്മേളനം വിളിച്ചു കൂട്ടണം. ഇത് നവംബർ മധ്യത്തോടുകൂടിയെങ്കിലും ആകണം.



## യൂക്കിയോ ഹട്ടോയാമ

(ജപ്പാൻ പ്രധാനമന്ത്രി)

2020ഓടുകൂടി ഹരിതഗൃഹ വാതകങ്ങളുടെ പുറംതള്ളൽ രാജ്യം 25 ശതമാനം കുറയ്ക്കും. അത് ജപ്പാൻ സർക്കാരിന്റെ ഔദ്യോഗിക തീരുമാനവും രാജ്യത്തോടും ലോകരാഷ്ട്രങ്ങളോടുമുള്ള പ്രതിജ്ഞയുമാണ്.



## യൂറോപ്യൻ യൂണിയൻ ദരിദ്രരാജ്യങ്ങൾക്ക് സഹായം നല്കണം

കാലാവസ്ഥാവ്യതിയാനത്തെ പ്രതിരോധിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി യൂറോപ്യൻ യൂണിയൻ ദരിദ്രരാജ്യങ്ങൾക്ക് വർഷം 2 മുതൽ 15 വരെ ബില്യൺ ഡോളർ (10000-75000 കോടി രൂപാ) നല്കണമെന്ന് യൂറോപ്യൻ കമ്മീഷൻ നിർദേശിച്ചു. 100 ബില്യൺ ഡോളർ (5 ലക്ഷം കോടി രൂപ) ലോകത്തെ ദരിദ്രരാഷ്ട്രങ്ങൾക്ക് കാലാവസ്ഥാവ്യതിയാനത്തെ പ്രതിരോധിക്കുവാൻ ആവശ്യമാണെന്ന് ഐക്യരാഷ്ട്രസഭ വിലയിരുത്തുന്നു.

Printed and Published by Kurias Kumbalakuzhy for Pratichaya Publishing Trust, Kottayam. Printed at Rashtra Deepika Printers Kottayam-686 001. Published at Kottayam, Kerala-686 001.

CYAN MAGENTA YELLOW BLACK